തീർപ്പു കൽപ്പിക്കാത്തവയുടെ വി.സി. നമ്പർ ചുവടെ ചേർക്കുന്നു:

വി.സി. 1/9/എസ്.ഐ.യു.-1

വി.സി. 7/10/റ്റി.എസ്.ആർ.

വി.സി. 3/98/ഇ.കെ.എം.

വി.സി. 2/08/എൻ.ആർ.കെ.

(സി&ഡി) വിജിലൻസ് കോടതിയിൽ രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ സർക്കാരിന് നേരിട്ട് തീർപ്പു കൽപ്പിക്കാൻ കഴിയില്ല. എല്ലാ വിജിലൻസ് കേസ്സുകളിലും കോടതിയാണ് അന്തിമ തീർപ്പുകൽപ്പിക്കുന്നത്.

## വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ

**201 (3691)** ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ വകുപ്പ് എന്നുമുതലാണ് പ്രത്യേക വിഭാഗമായി പ്രവർത്തിച്ചുതുടങ്ങിയത് ; പ്രസ്തുത വകുപ്പ് ഇപ്പോൾ സുവർണ്ണജൂബിലി ഘട്ടത്തിലാണോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ വിജിലൻസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം എത്ര ; ഇതിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; വിശദമാക്കുമോ ;

(സി) എത്ര പോലീസ് ഉദ്യോഗസ്ഥർ വിജിലൻസ് കേസ്സുകളിൽ പ്രതികളായിട്ടുണ്ട് ; അവർ ആരെല്ലാമെന്ന് പദവി ഉൾപ്പെടെ വ്യക്തമാക്കുമോ ;

(ഡി) പ്രതിവർഷം ശരാശരി എത്ര വിജിലൻസ് കേസ്സുകളിൽ നടപടികൾ പൂർത്തിയാക്കാനാകുന്നു ; പ്രതിവർഷം ശരാശരി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നു ; വ്യത്യാസം വ്യക്തമാക്കുമോ ;

(ഇ) എത്ര സംസ്ഥാന മന്ത്രിമാർ വിജിലൻസ് അന്വേഷണം നേരിടുന്നു ; അവർ ആരെല്ലാം ;

(എഫ്) വിജിലൻസ് വകുപ്പിന് നിയമപരമായ അടിത്തറയില്ലാത്തതിനാൽ വിജിലൻസ് ഉദ്യോഗസ്ഥരുടെ അന്വേഷണം ഫലപ്രദമാകാത്തത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ജി) എങ്കിൽ വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം ഫലവത്താക്കാൻ അടിയന്തര നിയമനിർമ്മാണത്തിനും എല്ലാ ജില്ലകളിലും വിജിലൻസ് ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിനും എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1964 ഡിസംബർ 21-നാണ് ഒരു സ്വതന്ത്ര വകുപ്പായി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ പ്രവർത്തനം ആരംഭിച്ചത്. 2013 ഡിസംബർ 21-ന് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ സുവർണ്ണ ജൂബിലി വർഷത്തിലേക്ക് പ്രവേശിച്ചു. പൊതുജന പങ്കാളിത്തത്തോടെ അഴിമതിക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സുവർണ്ണ ജൂബിലി വർഷം സമഗ്ര അഴിമതി വിരുദ്ധ ബോധവൽക്കരണ വർഷമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 1964-ൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ പ്രവർത്തനം ആരംഭിച്ചതിനുശേഷം നിരവധി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ 50 വർഷക്കാലയളവിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരങ്ങൾ ശേഖരിക്കുക എന്നത് ശ്രമകരമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മൊത്തം 345 കേസ്സുകൾ അന്വേഷണത്തിനായി കോടതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം 16 പോലീസ് ഉദ്യോഗസ്ഥർ വിജിലൻസ് കേസ്സിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്. അവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. ശ്രീ. എ. ജെ. ബാബു ... സർക്കിൾ ഇൻസ്പെക്ടർ
2. ശ്രീ. അനൂപ് സി. നായർ ... സബ് ഇൻസ്പെക്ടർ
3. ശ്രീ. വർഗീസ് കുരുവിള ... എസ്.സി.പി.ഒ.
4. ശ്രീ. എം. വി. ജോയ് ... എ.എസ്.ഐ.
5. ശ്രീ. സെബാസ്റ്റ്യൻ കെ. ഡി. ... ഗ്രേഡ് എ.എസ്.ഐ.
6. ശ്രീ. ബാബു ... എസ്. സി.പി.ഒ.
7. ശ്രീ. കെ. എസ്. സുദർശൻ ... സബ് ഇൻസ്പെക്ടർ
8. ശ്രീ. പി. എസ്. മുഹമ്മദ് അഷറഫ് ... സബ് ഇൻസ്പെക്ടർ
9. ശ്രീ. റ്റി. എ. അബ്ദുൽസത്താർ ... സബ് ഇൻസ്പെക്ടർ
10. ശ്രീ. കെ. ആർ. വേണുഗോപാൽ ... സബ് ഇൻസ്പെക്ടർ
11. ശ്രീ. എസ്. നവാസ് ... എസ്.സി.പി.ഒ.
12. ശ്രീ. ആർ. വിക്രമൻ ... എ.എസ്.ഐ.
13. ശ്രീ. രാമചന്ദ്രൻ ... എ.എസ്.ഐ.
14. ശ്രീ. സി. രാജപ്പൻ ... മുൻ സ്റ്റേഷൻ ഹൗസ് ഓഫീസർ

15. ശ്രീ. കെ. കെ. പി. ലക്ഷ്മണൻ ... മുൻ സബ് ഇൻസ്പെക്ടർ

16. ശ്രീ. പി. സോമൻ ... സബ് ഇൻസ്പെക്ടർ

(ഡി) 201213 വർഷത്തെ കണക്കുകളനുസരിച്ച് ശരാശരി 214 കേസ്സുകൾ വർഷാവർഷം തീർപ്പാക്കുന്നു. ശരാശരി 170 ഓളം കേസ്സുകൾ പ്രതിവർഷം രജിസ്റ്റർ ചെയ്യുന്നുണ്ട്.

(ഇ) നിലവിൽ വിജിലൻസ് അന്വേഷണ ഘട്ടത്തിലുള്ള കേസ്സുകളിൽ രണ്ട് മന്ത്രിമാർ ഉൾപ്പെട്ടിട്ടുണ്ട്. അവരുടെ പേരുവിവരം താഴെ കാണിക്കുന്നു:

1. ശ്രീ. അടൂർ പ്രകാശ് ... റവന്യൂ വകുപ്പുമന്ത്രി

2. ശ്രീ. പി. ജെ. ജോസഫ് ... ജലവിഭവ വകുപ്പുമന്ത്രി

(എഫ് &ജി) വിജിലൻസ് വകുപ്പിന് നിയമപരമായ അടിത്തറയുണ്ട്. നിയമങ്ങളുടെ ശക്തമായ പിൻബലവും വിജിലൻസ് കേസ്സുകൾക്ക് കോടതി മേൽനോട്ടവുമുള്ളതാണ്. ഉദ്യോഗസ്ഥരുടെ അന്വേഷണം ഫലപ്രദമാണ്.

## സർക്കാർ ഉദ്യോഗസ്ഥന്മാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ

**202 (3692)** ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിനുശേഷം നാളിതുവരെ എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) എത്രയെണ്ണത്തിൽ ചാർജ്ജ്ഷീറ്റ് നൽകിയിട്ടുണ്ട് ;

(സി) 2011 മേയ് മാസത്തിനുശേഷം നാളിതുവരെ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ നിലവിലുണ്ടായിരുന്നതും നടന്നുവരുന്നതുമായ എത്ര വിജിലൻസ് കേസ്സുകൾ പിൻവലിച്ചിട്ടുണ്ട് ; ഏതെല്ലാം കേസ്സുകളാണ് പിൻവലിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 835 ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 7 കേസ്സുകളിൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടുണ്ട്.

(സി) 5 കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്.

വി.സി. 01/2011/എസ്.ഐ.യു. II,

വി.സി. 03/2012/എസ്.ഐ.യു. I,

വി.സി. 06/2009/സി.ആർ.ഇ.,

വി.സി. 07/2009/സി.ആർ.ഇ.,

വി.സി.05/2004/റ്റി.എസ്.ആർ.-ലെ സി.സി. 10/2007 എന്നീ കേസ്സുകളാണ് പിൻവലിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly